**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**29 MARCH 2019**

**21 RAJAB 1440 AH**

# "BENEVOLENT" AND "IMPIOUS" POLITICS

# ഉദാരമതിയുടെയും ദൈവവിചാരമില്ലാത്തവന്റെയും രാഷ്ട്രീയം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഉദാരമതിയുടെയും ദൈവവിചാരമില്ലാത്തവന്റെയും രാഷ്ട്രീയം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, എന്റെ പേരിലും, ജമാഅത്തിന്റെ പേരിലും, 2019 മാർച്ച് 15ന് നടന്ന ആക്രമണത്തിൽ അഗാധമായ നിലയിൽ തകിടം മറിഞ്ഞുപോയ മുസ്ലിം സമൂഹത്തിന്, പിന്തുണയേകിയ ന്യൂസിലന്റ് പ്രധാനമന്ത്രി ജംസീന്ദാ ആർഡേൺന് നന്ദിരേഖപ്പെടുത്തുകയാണ്. ലോക രാഷ്ട്ര നേതാക്കൾക്കൊപ്പം, ഭരണാധികാരി എന്ന നിലയിൽ ഏറ്റവും നല്ല മാതൃക കാട്ടിയിരിക്കുകയാണ്, വിശിഷ്യ മുസ്ലിം രാഷ്ട്രത്തലവന്മാർക്ക് !അതിൽ ഏറ്റവും സവിശേഷ നിലയിൽ പാക്കിസ്ഥാൻ പ്രധാനമന്ത്രിക്ക്!

ന്യൂസിലന്റ് പ്രധാനമന്ത്രി ജസീന്ദാ ആർഡേൺ ക്രൈസ്റ്റ ചർച്ച് ആക്രമണത്തിന് ശേഷമുള്ള അവരുടെ പ്രവർത്തനങ്ങൾ, സമീപനങ്ങൾ ലോകവ്യാപകമായ ആദരവും അഭിനന്ദനവും നേടിയിട്ടുണ്ട് എന്ന് ഞാൻ തറപ്പിച്ചു പറയുകയാണ്. തീർച്ചയായും അവർ ഏറ്റവും നല്ല നിലയിലുള്ള ആദരവിന്, അഭിനന്ദനത്തിന് അർഹയാണ്! അവർപ്രകടിപ്പിച്ച തന്മയീഭാവശക്തിയും, ദൃഢമാനസവും ഞങ്ങൾക്കൊരു പുതിയ പരിവേഷം അഥവാ തേജോവലയം നല്കുകയുണ്ടായി. ദുരന്തത്തിന്നിരയായ കുടുംബാംഗങ്ങളെയും, നിരപരാധികളെയും സംരക്ഷിക്കുന്നതിൽ, പിന്താങ്ങുന്നതിൽ അവർ പ്രക

ടിപ്പിച്ച ആദരവും, ആർജ്ജവവും, ഒരു യഥാർത്ഥ രാഷ്ട്ര നേതാവ് എന്നനിലയിലുള്ള അവരുടെ പ്രവർത്തിയും, അവരെ മഹത്വത്തിലേക്ക് ഉയർത്തുകയായിരുന്നു. ദുരന്തവേളയിൽ അവരുടെ രാജ്യത്തിലെ പൗരന്മരെ ഏകോപിപ്പിക്കുവാനും കൂടെ നിർത്തുവാനും അവർക്ക് കഴിഞ്ഞു എന്നതും, അതവരുടെ ഉത്തരവാദിത്വമാണെന്ന തിരിച്ചറിവും അവരെ വീണ്ടും മഹത്വത്തിന്റെ സോപാനങ്ങളിലേയ്ക്കുയർത്തുകയാണ്.

ഈ മഹതി അധികാരത്തിൽ വന്നിട്ട് 18 മാസമേ ആയിട്ടുള്ളൂ. ന്യൂസിലാന്റിന്റെ ചരിത്രത്തിൽ എന്നെന്നും അടയാളപ്പെടുന്ന രക്തപങ്കിലമായ ദുരന്തത്തിന്റെ അനന്തരഫലങ്ങൾ അവർ അഭിമുഖീകരിക്കുകയാണ്. എന്നാൽ ഈ കഠിന പരീക്ഷണത്തെ അവർ നേരിട്ടത് അനുകമ്പയുടെയും, ദൃഢതയുടെയും തേരിലേറിയാണ്. അതുകൊണ്ട് തന്നെ പ്രധാനമന്ത്രി എന്ന നിലയിൽ അവരെ ലോകമെങ്ങും പുകഴ്ത്തികൊണ്ടിരിക്കുന്നു. 50 മുസ്ലിം വിശ്വാസികളുടെ ജീവനെടുത്ത, വെള്ളമേധാവിത്വവാദി, ക്രൈസ്റ്റ് ചർച്ചിലെ രണ്ടു മുസ്ലിം പള്ളികൾ ആക്രമിച്ചതിനെ തുടർന്ന് ഏതാനും മണിക്കൂറുകൾക്കകം, ജസീന്ദ ആർടേൺ ദുരന്തത്തിലകപ്പെട്ടവരുടെ കുടുംബാംഗങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട്, പർദ്ദധാരിണിയായി, തെക്കൻ പട്ടണത്തിലേക്ക് പോവുകയുണ്ടായി.

അടുത്ത ദിവസം, വെല്ലിംഗ്ടണിൽ, 38 വയസ്സുള്ള ലേബർ പാർട്ടി ലീഡർ, ഒരിക്കൽ കൂടി, തലയിൽ തട്ടമിട്ട്, മുസ്ലിം അംഗങ്ങളെ ആലിംഗനം ചെയ്തത്, അവരെ അത്ഭുതപ്പെടുത്തി,

ഈ ഐക്യസാക്ഷിപത്രം, ദുഃഖത്തിൽ പങ്കു ചേരൽ, ഇതേ പറ്റി അനേകം ന്യൂസിലാന്റ്കാർക്ക് ഇന്ന് പറയുവാനുള്ളത്, വികാരങ്ങളെ വ്രണപ്പെടുത്തുന്ന ഇത്തരം ചെയ്തികളെ അപലപിക്കുക മാത്രമല്ല, വെറുപ്പിന്റെ ഈ ആശയത്തെ തിരസ്ക്കരിക്കുന്നവരായി അവർ പ്രതിനിധാനം ചെയ്യുകയാണ്. വെറുപ്പിന്റെ, വിദ്വേഷത്തിന്റെ ആശയം പ്രചരിപ്പിക്കുന്ന ഇസ്ലാമോഫോബിക് തീവ്രവാദികളെ തിരസ്ക്കരിക്കുക എന്ന ആശയത്തെ പ്രതിനിധീകരിക്കുകയാണവർ ചെയ്യുന്നത്.

എന്നാൽ ജസീന്ദ ആർടേൺ, മുഖ്യ ആശ്വാസദായക എന്ന പ്രവർത്തിക്കും അപ്പുറത്തേക്ക് കടന്ന്, ആസ്ട്രേലിയൻ തീവ്രവാദി ഉയർത്തിയ ഈ വെല്ലുവിളിയെ നേരിടുന്നതിനായി, ഇന്റലിജൻസ് ഏജൻസിയ്ക്ക് പിടികിട്ടാതെ പോയ, ഇയാൾക്ക് തന്റെ രാജ്യത്തേക്ക് കടന്നുവരാൻ കഴിഞ്ഞ, നിയമപരമായി യുദ്ധആയുധങ്ങൾ വാങ്ങാൻ കഴിഞ്ഞ, എന്നിട്ട് ഈ കൂട്ടക്കൊല ചെയ്ത ഈ നടപടിയെ പെട്ടെന്ന് തന്നെ നേരിടുന്നതിനുള്ള നിയമനടപടിയെക്കുറിച്ചാലോചിക്കുകയും, ഈ പ്രശ്നങ്ങൾ പെട്ടെന്ന് തന്നെ ഉന്നതതലത്തിൽ കൊണ്ടെത്തിക്കുകയും, ആയുധനിയമത്തിൽ മാറ്റം കൊണ്ടു വരുന്നതിനുള്ള പുതിയ നിയമം സൃഷ്ടിക്കുന്നതു സംബന്ധിച്ച് പ്രഖ്യാപനം നടത്തുകയും ചെയ്തു. അനേകം ടെലിവിഷൻ ഇന്റർവ്യൂകളിലൊന്നിൽ ശാന്തമായും എന്നാൽ തറപ്പിച്ചും അവർ പറഞ്ഞു. എനിക്കറിയാം, തീർച്ചയായും അതുണ്ട്, അത് മനസ്സിലാകുന്നതുമാണ്, ന്യൂസിലാന്റിൽ ഇപ്പോൾ ദുഃഖം താളം കെട്ടിനില്ക്കുകയാണ്, എന്നാൽ അവിടെ കോപവും ഉണ്ട് എന്നറിയുക, ഉത്തരങ്ങൾ പറയേണ്ട ധാരാളം ചോദ്യങ്ങളുണ്ട്

പള്ളികൾ ആക്രമിക്കപ്പെട്ടശേഷം, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വിളിച്ച് സഹായം വാഗ്ദാനം ചെയ്തപ്പോൾ, ജസീന്ദ ആർടേൺ-വൈറ്റ് ഹൗസിന്റെ കുടികിടപ്പ് നയത്തിലുള്ള- അവരുടെ വെറുപ്പ് രഹസ്യമാക്കി വെച്ചില്ല. അമേരിക്കൻ പ്രസിഡന്റിന്റെ പ്രശസ്തിക്ക് മങ്ങലേല്പ്പിക്കുന്ന, ഈ കാര്യം അവരെ ശക്തിപ്പെടുത്താമെന്ന വാഗ്ദാനം നല്കി മറയ്ക്കുവാൻ ശ്രമിക്കുകയാണ് ചെയ്തത്. പ്രസ്തുത സംഭാഷണം പരസ്യപ്പെടുത്തുന്നതിൽ അശേഷം മടികാണിച്ചില്ല അവർ, അദ്ദേഹത്തെ മറ്റു കാര്യങ്ങളോടൊപ്പം, ഉപദേശിച്ചത് ഇപ്രകാരമാണ്. അനുകമ്പയും സ്നേഹവും എല്ലാ മുസ്ലിം വിഭാഗങ്ങളോടും കാണിക്കുക.

പള്ളി ആക്രമണത്തിന് ശേഷം ഒരാഴ്ച പിന്നിട്ടപ്പോൾ ന്യൂസിലാന്റ് പ്രധാനമന്ത്രി -ഇസ്ലാമാ ഫോബിയാന്റെ ആളുകളിൽ നിന്നും ദോഷദർശന സ്വഭാവത്തിനും വിമർശനത്തിനും ലക്ഷീഭവിക്കുകയുണ്ടായി. എന്നാൽ ഈ രാജ്യത്തിലെ പൗരന്മാർ ലോകത്തിന് ഐക്യത്തിന്റെ മഹത്തായ ഒരു പാഠം പകർന്നു നല്കുകയുണ്ടായി,

2019 മാർച്ച് 22 വെള്ളിയാഴ്ച പ്രാർത്ഥനാ വേളയിൽ! ഹാഗ്‌ലി പാർക്കിൽ, അൽനൂർ പള്ളിക്ക് സമീപം, ആയിരക്കണക്കിന് ആളുകൾ ഒരുമിച്ചു കൂടി, പ്രധാനമന്ത്രി ജസീന്ദ ആർടേണും അവിടെ സന്നിഹിതയായിരുന്നു, എല്ലാവരും കറുത്ത വസ്ത്രം ധരിച്ചിരുന്നു. ജസീന്ദ ആർടേണിന്റെ ചുറ്റുമുണ്ടായിരുന്ന പൊലീസ് വനിതകളും അവർ (ജസീന്ദ) ധരിച്ചിരുന്നതുപോലെ ശിരോ വസ്ത്രം അവരും ധരിക്കുകയുണ്ടായി, പ്രസ്തുത വെള്ളിയാഴ്ച പ്രാർത്ഥന, ടെലിവിഷൻ, റേഡിയോ, അനേകം വെബ്സൈറ്റുകളും പ്രക്ഷേപണം നടത്തുകയുണ്ടായി, രാജ്യം രണ്ട് മിനിട്ട് നേരം മൗനം ആചരിക്കുകയുണ്ടായി. ആക്ലന്റിലും, വെല്ലിംഗ്ടണിലും മറ്റനേകം നഗരങ്ങളിലും ഉൾപ്പെടെ 2 മിനിട്ട് മൗനം ആചരിക്കുകയുണ്ടായി.

ഇമാംഗമാൽ ഫൂഡ, ഷൂട്ടിംഗിൽ നിന്നും രക്ഷപ്പെട്ട വ്യക്തി, പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുകയുണ്ടായി, വെറുപ്പിന്റെ രാഷ്ട്രീയത്തെ തള്ളിപ്പറയുകയും, ദുരന്തം സംഭവിച്ചതു മുതൽ ന്യൂസിലന്റിൽ ഉടലെടുത്ത ഐക്യത്തിന്റെ ശക്തമായ തിരമാലകളെ അനുസ്മരിച്ചുകൊണ്ടും അദ്ദേഹം പ്രഭാഷണം നടത്തുകയുണ്ടായി.

അനുകമ്പയുടെയും ആദരവിന്റെയും അടയാളമായി പാർശ്വപഥങ്ങളിൽ ആയിരകണക്കിനാളുകൾ പൂച്ചെണ്ടുകൾ അർപ്പിച്ചു. വെള്ളിയാഴ്ച പ്രാർത്ഥനയിൽ പങ്കെടുക്കുന്നതിനുള്ള മാർച്ചിൽ, ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് എല്ലാ സമുദായങ്ങളിൽ നിന്നുമുള്ള ജനങ്ങൾ പങ്കെടുത്തു. മുസ്ലിം വനിതകളുമായുള്ള ഐക്യമത്യത്തിന്റെ പ്രതീകമായി, അനേകം സ്ത്രീകൾ വളരെ ആദരവോടെ ശിരോവസ്ത്രം ധരിക്കുകയുണ്ടായി.

നിഷ്ഠൂരവും ലക്കും ലഗാനുമില്ലാത്തതുമായ ഈ ആക്രമണത്തിന് ശേഷം, ലോക മുസ്ലിം സമൂഹം, നമുക്ക് അഗാധമായ വിഷമം ഉണ്ടെങ്കിൽ പോലും, നാം സ്വയം കീഴടങ്ങിപോകരുത്. ഇത്തരം പരീക്ഷണങ്ങൾ നമ്മെ ആദർശൈക്യത്തിൽ ചേർത്തു നിർത്തണം, നമ്മെ നശിപ്പിച്ചു കളയരുത്. ഐക്യമാണ് ശക്തി, മുസ്ലിംകൾ അവരുടെ മയക്കത്തിൽ നിന്നും പുറത്തുവരണം, എന്നിട്ടവർ ഇസ്ലാമിന്റെ സൗന്ദര്യം പ്രകടിപ്പിക്കണം, മാനവികതയുടെ

സമ്പൂർണ്ണത, നമ്മുടെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) കാണിച്ചു തന്ന സമ്പൂർണ്ണ മാനവികത! മുസ്ലിംകളുടെ ഐക്യമില്ലെങ്കിൽ, നാമിനിയും ഇത്തരം കൂട്ടകൊലകൾക്ക് സാക്ഷ്യം വഹിക്കേണ്ടതായി വരും. ഇസ്ലാം അപകടത്തിലാണ്.......

അതുകൊണ്ട്, (ഈ പ്രസംഗം) അവസാനിപ്പിക്കുന്നതിനുമുൻപ്, ഞാൻ തറപ്പിച്ചു പറയേണ്ടതായിട്ടുണ്ട് എല്ലാത്തരം മ്ളേഛ സ്വഭാവങ്ങളും ഇസ്ലാം ആക്ഷേപിച്ചിട്ടുണ്ട്, ഇപ്പോഴും അത് ആക്ഷേപിക്കുകയും ചെയ്യുന്നു. എല്ലാ സമുദായങ്ങളും, എല്ലാ സാഹചര്യങ്ങളിലും ഐക്യത്തോടെ നിലകൊള്ളേണ്ടതാണ്. ഇവിടെ മൗറിഷ്യസിൽ മസ്ജിദുകളുണ്ട്, മന്ദിർകളുണ്ട്, കോവിലുകളുണ്ട്, ഇവ സൗഹാർദ്ദത്തിൽ നിലനില്ക്കുന്നു. ഇത് ഇതുപോലെ എന്നെന്നും നിലനില്ക്കണം. എല്ലാ സമുദായങ്ങളെയും സംസ്ക്കാരങ്ങളെയും വിശ്വാസങ്ങളെയും നാം ആദരിക്കണം. മുസ്ലിംകൾക്കെതിരിലുള്ള അതിക്രൂരമായ പ്രവർത്തികൾ നാം അവലോകനം ചെയ്യുമ്പോൾ, നമുക്ക് മനസ്സിലാകും ഇത്തരം പ്രവർത്തികൾ ന്യൂസിലാന്റിൻ മാത്രമല്ല ചെയ്തിട്ടുള്ളതെന്ന്! ചൈനയിലും, ബർമ്മയിലും, സിറിയയിലും, കാശ്മീരിലും തുടങ്ങിയ രാജ്യങ്ങളിലും ഇത് ചെയ്തിട്ടുണ്ട്.

## JIHAD OR HOLY WAR ജിഹാദ് അഥവാ പരിശുദ്ധ യുദ്ധം

ഇസ്ലാമാഫോബിയയുടെ വിവിധ കാരണങ്ങൾ അത് വിവരിക്കുകയാണെങ്കിൽ, അതിൽ പ്രധാനമായത് രാഷ്ട്രീയപരമായ കാരണമാണ്. അതിലൂടെ അധികാരത്തിൽ എത്തിച്ചേരാം. സ്വേച്ഛാധിപത്യപരമായതും ദൈവവിചാരമില്ലാത്തതുമായ രാഷ്ട്രീയക്കാർ, ജനങ്ങളുടെ ഭയത്തെ, അധികാരം നേടുന്നതിന് ഉപയോഗിക്കുന്നു. അതേതുടർന്നു പ്രകൃതി വിഭവങ്ങളെല്ലാം അവരുടെ കുത്തകയാക്കി മാറ്റുന്നു. ഇസ്ലാമോഫോബിയ അവർക്ക് ഈ അധികാരം നല്കുന്നു. അങ്ങനെ അവർ ജനഹൃദയങ്ങളിൽ, മുസ്ലിംകൾക്കെതിരിൽ, കൂടുതൽ ശത്രുത കുത്തിവെയ്ക്കുന്നു.

മുസ്ലിംകൾ അല്ലാത്തവർ, മുസ്ലിംകളുടെ നേരെ മാത്രമല്ല ഇത് ചെയ്യുന്നത്, മറിച്ച് മുസ്ലിംകൾ, അവരുടെ തന്നെ മുസ്ലിം സഹോദരി സഹോദരന്മാർക്കെതിരിലും ഇങ്ങനെ തന്നെ ചെയ്യുന്നു. ഇത് രാഷ്ട്രീയക്കാരന്റെ, സ്വധർമ്മത്തിൽ നിന്നുള്ള വഴിതെറ്റലാണെന്ന് അവനറി

യാം. കാരണം അവനു നല്ലതുപോലെ അറിയാം. ഇസ്ലാമിക വ്യവസ്ഥിതി പരിശുദ്ധയുദ്ധങ്ങൾ എന്നപേരിൽ യുദ്ധങ്ങളോ തർക്കങ്ങളോ നടത്തുവാൻ അനുവാദം നല്കുന്നില്ല. അതുമാത്രമല്ല, എപ്പോഴൊക്കെ ഒരു രാജ്യം, വിശിഷ്യാ ഒരു മുസ്ലിം രാജ്യം, ഒരപകടത്തെ അഭിമുഖീകരിക്കുന്നുവോ അപ്പോൾ, ഒരു യുദ്ധം ആസന്നമാകുകയും ചെയ്താൽ, ഉടൻതന്നെ രാഷ്ട്രീയക്കാർ മുല്ലാക്കളുമായി ചേരുന്നു. ഈ പറയപ്പെട്ട ജിഹാദിന്, പിൻബലമേകാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നു. യഥാർത്ഥത്തിൽ ഇത്തരം കാര്യങ്ങൾ ഇസ്ലാമിക അധ്യാപനങ്ങളിൽ ഇല്ല. ഇത് രാഷ്ട്രീയക്കാരുടെയും, മതമേധാവികളുടെയും, കൂട്ടുകെട്ടിന്റെ ഫലമായി രൂപപ്പെടുന്ന കാര്യങ്ങളാണ്. അതായത് ഇസ്ലാമിക് ജിഹാദ്, ആശയ പ്രചാരണത്തിന്, ശക്തി ഉപയോഗിക്കുവാൻ ഒരിക്കലും അനുവാദം നല്കുന്നില്ല. എന്നാൽ, അല്ലാത്ത കാര്യത്തിന്, ആ സത്യം നേരിടുമ്പോൾ അതുപയോഗിക്കുന്നതിന് മടിക്കേണ്ടതുമില്ല. എല്ലാ കാലത്തും ഇതാണ് നടന്നിട്ടുള്ളത്. കഴിഞ്ഞകാലങ്ങളിൽ ഇതാണ് സംഭവിച്ചിട്ടുള്ളത്.

ചരിത്രത്തിൽ ഉണ്ടായിട്ടുള്ള സംഘട്ടനങ്ങളിലേക്ക് നോക്കിയാൽ നമുക്ക് അത്ഭുതമുണ്ടാകുന്നതായി കാണുവാൻ സാധിക്കുന്നതാണ്, അതായത് അവർ നടത്തിയ ഓരോ യുദ്ധത്തിനും പരിശുദ്ധയുദ്ധം എന്ന് തെറ്റായ നിലയിൽ പേര് നല്കപ്പെട്ടിരിക്കുകയാണ്. മുസ്ലിംകളല്ലാത്തവരോട് നടത്തിയ ഒരു യുദ്ധവും അല്ലെങ്കിൽ അവരുടെ തന്നെ മതവിഭാഗങ്ങളുമായി നടത്തിയ യുദ്ധം, സുന്നികൾ സുന്നികൾക്കെതിരായി നടത്തിയ യുദ്ധം, ഷിയാക്കൾ ഷിയാക്കൾക്കെതിരിൽ നടത്തിയ യുദ്ധം, ഷിയാക്കൾ സുന്നികൾക്കെതിരിൽ നടത്തിയ യുദ്ധം അല്ലെങ്കിൽ മുഴുമുസ്ലിം സമുദായവും, അഹ്മദികൾക്കെതിരിൽ നടത്തിയ യുദ്ധം ഇവയ്ക്കൊന്നും പരിശുദ്ധയുദ്ധം എന്ന് മുദ്ര അടിച്ചിട്ടില്ല. അത്ഭുതകരമെന്ന് പറയട്ടെ ഇത്തരം സംഘട്ടനങ്ങളെപറ്റി മുസ്ലിം പുരോഹിതന്മാരും രാഷ്ട്രീയക്കാരും നല്കുന്ന പേര് ജിഹാദ് എന്നാകുന്നു.

സംഘട്ടനങ്ങൾ, നാമത് ലോകമെങ്ങും കാണുന്നു. എന്നാൽ മുസ്ലിംകൾ മാത്രമാണ് അവയ്ക്ക് പരിശുദ്ധ യുദ്ധത്തിന്റെ മുഖമുദ്ര നല്കുന്നത്, ഈ പറയപ്പെടുന്ന പരിശുദ്ധ യുദ്ധങ്ങളിൽ മിക്കതും മുസ്ലിംകൾ മുസ്ലിംകൾക്കെതിരിൽ നടത്തപ്പെടുന്നതാണ്. ജിഹാദിന്റെ

പേരിൽ അവർ പരസ്പരം കൊല്ലുന്നു. ഈ പ്രഹസനം ദുഃഖത്തിന്റെ ദുരന്തത്തിന്റെ വലിപ്പം വർദ്ധിപ്പിക്കുകയാണ്. പ്രസ്തുത വേദനാജനകമായ ദുരന്തം ഇനി എങ്കിലും അവസാനിപ്പിക്കേണ്ടതാണ്. നമ്മുടെ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ തമാശയും വിരോധഭാസവുമാണ്, ഈ കാര്യം ഇസ്ലാമിന്റെ മേൽ തെറ്റായ നിലയിൽ ആരോപിക്കപ്പെട്ടതാണ് എന്നത്! ഇക്കഴിഞ്ഞ പതിന്നാലു നൂറ്റാണ്ടുകളിലൂടെയും അങ്ങേയറ്റം വേദനജനകമായ ഈ ദുരന്തം നമുക്ക് ഒഴിവാക്കുവാൻ ഇല്ലായ്മ ചെയ്യുവാൻ കഴിഞ്ഞില്ല എന്നത് അങ്ങേയറ്റം ദുഃഖകരം തന്നെ. നിങ്ങളുടെ വിധിയെ നിങ്ങൾ മാറ്റുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളുടെ ആശയങ്ങൾക്ക് മാറ്റം വരുത്തുക, നിങ്ങളുടെ നിലപാടുകൾക്ക് മാറ്റം വരുത്തുക, നിങ്ങളുടെ പെരുമാറ്റങ്ങൾക്ക് മാറ്റം വരുത്തുക. മുസ്ലിംകൾ തങ്ങളുടെ ചിന്താഗതികൾക്ക് വിപ്ലകരമായ ഒരു മാറ്റം വരുത്താത്തിടത്തോളം കാലം, അവർക്ക് ഈ ലോകത്ത് ഒരു മാറ്റവും വരുത്തുവാൻ സാധിക്കുകയില്ല.

യഥാർത്ഥ മതം, സ്വാത്വികത പ്രചരിപ്പിക്കുവാൻ, വാളും റൈഫിളും ഉപയോഗിക്കേണ്ട സമയം ഇതാണ് എന്നുപറയുന്നതിനേക്കാൾ തെറ്റായ മറ്റൊരു കാര്യവുമില്ല! സത്യത്തിന്റെ മഹത്വവും, സൗന്ദര്യവും വെളിപ്പെടുത്തുന്നതിന് ആയുധത്തിനുയാതൊരു പങ്കുമില്ല. മറിച്ച് ആയുധം സംശയമുണ്ടാക്കുന്നതാണ്, സത്യത്തെ അത് വിസ്മൃതിയിലേക്ക് നയിക്കുന്നതുമാണ്.

ഇത്തരം അഭിപ്രായങ്ങൾ പറയുന്നവർ ഇസ്ലാമിന്റെ മിത്രങ്ങളല്ല. മറിച്ച് അവർ ഏറ്റവും മോശപ്പെട്ട ശത്രുക്കളാണ്. നിങ്ങൾക്ക് ദുഃഖപൂർണ്ണമായ അജണ്ടകളാണുള്ളത്. അവർ ബുദ്ധിയില്ലാത്തവരും, ഹ്രസ്വമാനസരും, സാധാരണ കഴിവുകൾ മാത്രമുള്ള പ്രകൃതക്കാരാണ്. ഇസ്ലാമിന്റെ വഴിയിൽ എതിർനില്ക്കുന്നവരാണവർ. അവരുടെ സ്വാധീനത്തെ നേരിടാവതല്ല. അവർ പറയുന്നത് ഇസ്ലാമിന്റെ പ്രബോധനത്തിന് ആയുധം വേണമെന്നാണ്. അങ്ങനെ അവർ ഇസ്ലാമിന്റെ പരിശുദ്ധതയെ ചോദ്യം ചെയ്യുന്നു. ഇസ്ലാമിന്റെ പരിശുദ്ധ നാമത്തെ അവർ കളങ്കപ്പെടുത്തുന്നു. ഈ മതം, അതിശക്തമായ ബൗദ്ധിക വാദങ്ങളാൽ, അതിന്റെ സത്യതയെ സ്ഥാപിക്കുവാൻ കഴിയുന്നതാണ്. ആകാശ ദൃഷ്ടാന്തങ്ങൾ കൊണ്ട്

സ്ഥാപിക്കാവുന്നതാണ്. ജനങ്ങളെ ഭയപ്പെടുത്തുവാൻ ആയുധം ഉപയോഗിക്കേണ്ട യാതൊരാവശ്യവുമില്ല. അത് ചെയ്യുവാനും പാടില്ല. അങ്ങനെ വിശ്വാസത്തിന്റെ ഒരു പ്രവർത്തി ചെയ്യിക്കുവാൻ നിർബന്ധിക്കേണ്ട യാതൊരാവശ്യവുമില്ല എന്നതാണ് മതാധ്യാപനം.

ദൈവദാസന്മാർ എന്ന നിലയിൽ, നമുക്കെല്ലാപേർക്കും മാനവകുലത്തിനോട് ഒരുത്തരവാദിത്വമുണ്ട്, ഒരു രാജ്യത്ത് ഐക്യമില്ലെങ്കിൽ, അവിടെ സമൃദ്ധി ഉണ്ടാകില്ല. ഓർക്കുക, രക്തത്തിന് ഒരേ ഒരു നിറമാണ്, (അതായത് ഓരോ മനുഷ്യനും പങ്കുവെയ്ക്കുന്നത് ഒരേ രക്തമാണ്.) മുസ്ലിംകൾക്കെതിരിൽ ശത്രുതയോടെ മേധാവിത്വത്തിനായി, ഭീകരാക്രമണത്തിലൂടെ നടത്തുന്ന ഈ ആക്രമണങ്ങളുടെ മുമ്പിൽ ഈ കൂട്ടക്കൊലയ്ക്ക് മുമ്പിൽ നമ്മുടെ കണ്ണുനീർ തടഞ്ഞു നിർത്തുവാൻ സാധിക്കുകയില്ല. അതും ആരാധനയ്ക്കായി ഒരിടത്ത് ഒരുമിച്ചു കൂടിയ സ്ഥലത്തുവെച്ച്! ഇത് തികച്ചും മനുഷ്യത്വരഹിതമാണ്. ഭീകരവാദം തന്നെ! കഴിഞ്ഞ ആഴ്ച ഞാൻ പറഞ്ഞതുപോലെ ഭീകരവാദത്തിന് മതമില്ല! നിങ്ങൾക്ക് ഒരു മതത്തെ കുറ്റപ്പെടുത്താനാവില്ല. നിങ്ങൾക്ക് ഒരു രാജ്യത്തെ കുറ്റപ്പെടുത്താനാവില്ല! അവിടെ കുറെ തീവ്രവാദികൾ ഉണ്ടെന്ന കാരണത്താൽ! ഭീകരതയ്ക്കും വംശീയതയ്ക്കും നമുക്ക് നോ പറയാം.

കൊലയാളികളുടെയും തെമ്മാടികളുടെയും ഉപദ്രവത്തിൽ നിന്നും നിരപരാധികളെയും നിഷ്ക്കളങ്ക ഹൃദയരെയും അല്ലാഹു(ത) സംരക്ഷിക്കട്ടെ! തങ്ങളുടെ സ്വഭാവങ്ങൾ നന്നാക്കുകയും മാനവകുലത്തിനോട് ചേർന്നു നില്ക്കുകയും ചെയ്യുന്നവരുടെ തെറ്റുകുറ്റങ്ങൾ അല്ലാഹു(ത) മാപ്പാക്കട്ടെ! മുഴുവൻ മാനവകുലത്തോടും അനുകമ്പയാൽ അവരുടെ ഹൃദയങ്ങളെ അല്ലാഹു(ത) നിറയ്ക്കട്ടെ, സമ്പന്നമാക്കട്ടെ!

ഇൻശാ അല്ലാഹ് ആമീൻ!

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*